സുപ്രഭാതം

06 November 2025

# ചെറുകിട മത്സ്യമേഖലയിലെ ജീവിതം പകർത്തി ലൈവ് പെയിന്റിങ്

**കൊച്ചി ▶** ചെറുകിട മത്സ്യബന്ധന മേഖലയിൽ ഉപജീവനം നടത്തുന്നവരുടെ ജീവിതം വരച്ചിടുന്ന വേവ്സ് ഓഫ് ആർട്ട് ലൈവ് പെയിൻ്റിങ് ശ്രദ്ധേയമാകുന്നു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന നാലാമത് ആഗോള മറൈൻ സിംപോസിയമായ മീകോസിനോട് അനുബന്ധിച്ചാണ് എട്ടു കലാകാരന്മാർ തത്സമയ ചിത്രരചന നടത്തുന്നത്. ചെറുകിടമത്സ്യബന്ധന മേഖലയുടെ യഥാർഥ ചിത്രങ്ങൾ പൊതുജനങ്ങളിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ വേറിട്ട കലാവിരുന്ന്.

ശാസ്ത്രത്തെയും ഉപജീവന മാർഗത്തെയും സർഗാത്മകതയെയും കോർത്തിണക്കിയാണ് കലാസൃഷ്ടികൾ. ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് പ്രൊഫഷനൽ കലാകാരന്മാരെയും കലാപ്രേമികളെയും സഹകരിപ്പിച്ചുകൊണ്ട് 'വേവ്സ് ഓഫ് ആർട്ട് ' അരങ്ങേറുന്നത്. ചിത്രകല ഉപയോഗിച്ച് മത്സ്യബന്ധന മേഖലയിലെ യാഥാർഥ്യങ്ങൾ പൊതുജനങ്ങളെ ഉണർത്തുന്നതാണ് പരിപാടി. തീരദേശ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കലും ലൈവ് പെയിൻ്റിങ്ങിൻ്റെ ലക്ഷ്യമാണ്.

കലാകാരന്മാരിൽ ആറുപേർ കൊച്ചിയിൽനിന്നും രണ്ടുപേർ ചെന്നൈയിൽനിന്നുമുള്ളവരാണ്. വാട്ടർ കളറും അക്രിലിക് മീഡിയവും ഉപയോഗിച്ചുള്ള ചിത്രങ്ങൾ തീരദേശവാസികളുടെ പ്രതിരോധശേഷിയും ജീവിതതാളവും ഉപജീവന സ്വഭാവവും വരച്ചിടുന്നതായിരുന്നു.